**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 368** **29-01-2024 - ൽ മറുപടിയ്ക്ക്**

**കേരളശ്ശേരി പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ബിൽഡിംങ് പെർമിറ്റ് നൽകിയതിൽ റീട്ടെയിനിംഗ് വാൾ ഉൾപ്പെടുത്തിയിട്ടുള്ള എത്ര പെർമിറ്റുകൾ ഉണ്ട്; അവ ഏതെല്ലാം; അഡ്രസ്സ് സഹിതം വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ 4 അപേക്ഷകർക്ക് റീട്ടെയ്നിംഗ് വാൾ ഉൾപ്പെടുത്തിയിട്ടുള്ള പെർമിറ്റ് നൽകിയിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി വ്യക്തികളുടെ പേരും മേൽവിലാസവും ശേഖരിച്ചു വരുന്നു. |
| (ബി) | കേരളശ്ശേരി പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ സ്ഥലം പരിശോധിച്ച ശേഷമാണോ ബിൽഡിങ് പെർമിറ്റ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | അസിസ്റ്റന്റ് എഞ്ചിനീയർ അല്ലെങ്കിൽ ഓവർസിയർ സ്ഥലപരിശോധന നടത്തിയതിന്ശേഷമാണ് ബിൽഡിംഗ് പെർമിറ്റ് നൽകുന്നത്. |
| (സി) | വീടിന്റെ തറയിൽ നിന്നും എത്ര മീറ്റർ അകലെയുള്ള മൺതിട്ടകൾക്കാണ് റീട്ടെയിനിംഗ് വാൾ എന്ന സംവിധാനം കേരളശ്ശേരി പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നത്; | (സി) | 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടത്തിലെ ചട്ടം 10 പ്രകാരമാണ് മണ്ണെടുത്ത് നിർമ്മാണം നടത്തുന്ന പ്ലോട്ടുകളിൽ സംരക്ഷണ ഉപാധിയായി സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ ആവശ്യപ്പെടുന്നത്. |
| (ഡി) | വീടിനോട് ചേർന്ന് മൺതിട്ടകൾ ഉള്ള എത്ര പേർക്ക് പ്രസ്തുത പഞ്ചായത്തിൽ ബിൽഡിംങ് പെർമിറ്റ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; നൽകിയിട്ടില്ലെങ്കിൽ അവിടെ ഓവർസിയർ സ്ഥലപരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | റിപ്പോർട്ട് പ്രകാരം 4 അപേക്ഷകർക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ